<u>15 -ാം കേരള നിയമസഭ</u>

<u>5 -ാം സമ്മേളനം</u>

<u>നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3363</u> <u>14-07-2022 - ൽ മറുപടിയ്ക്ക്</u>

<u>ജൈവ കൃഷി വ്യാപിപ്പിക്കുന്നതിന് നടപടി</u>

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ,<br>ശ്രീ. ടി. ജെ. വിനോദ്,<br>ശ്രീ എം വിൻസെൻറ് | | ശ്രീ. പി. പ്രസാദ്<br>(കൃഷി വകുപ്പ് മന്ത്രി) | |
| (എ) | ഇതര സംസ്ഥാനങ്ങളിൽ നിന്ന് വരുന്ന വിഷലിപ്തമായ പച്ചക്കറികളുടെ ഉപയോഗം മൂലം ജനങ്ങളുടെ ആരോഗ്യം അപകടത്തിലാകുന്നുവെന്നും ക്യാൻസർ മുതലായ മാരക രോഗങ്ങൾ വർദ്ധിക്കുന്നുവെന്നും കണ്ടെത്തിയിട്ടുള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | ഉണ്ട്. |
| (ബി) | അടുത്ത അഞ്ച് വർഷത്തിനുള്ളിൽ അൻപതിനായിരം ഹെക്ടർ സ്ഥലത്ത് ജൈവ കൃഷി വ്യാപിപ്പിക്കുന്നതിന് കഴിഞ്ഞ സർക്കാർ ലക്ഷ്യമിട്ടിരുന്നോ; എങ്കിൽ അത് നടപ്പിലാക്കാൻ സാധിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ; | (ബി) | ഉണ്ട്. 2021-22 സാമ്പത്തിക വർഷത്തിൽ പ്രസ്തുത പദ്ധതി പ്രകാരം 75162.456 ഹെക്ടർ സ്ഥലത്ത് ജൈവ കൃഷി നടപ്പിലാക്കിയിട്ടുണ്ട്. |
| (സി) | ജൈവ കൃഷി പ്രോത്സാഹിപ്പിക്കുന്നതിനും അതിലൂടെ സുരക്ഷിത ഭക്ഷണം ഉറപ്പുവരുത്തുന്നതിനും കൃഷി വകുപ്പ് പ്രത്യേക ഊന്നൽ നൽകുമോ? | (സി) | ജൈവ കൃഷി പ്രോത്സാഹിപ്പിക്കുന്നതിനും അതിലൂടെ സുരക്ഷിത ഭക്ഷണം ഉറപ്പുവരുത്തുന്നതിനും, സംസ്ഥാന സർക്കാരും, കേന്ദ്രസർക്കാരും വിവിധ പദ്ധതികൾ നടപ്പിലാക്കി വരുന്നു.<br><br>സംസ്ഥാന സർക്കാർ ജൈവ കൃഷിയും ഉത്തമ കൃഷി മുറകളും എന്ന പദ്ധതി നടപ്പിലാക്കുന്നു. പ്രസ്തുത പദ്ധതിയിൽ 2022-23 സാമ്പത്തിക വർഷത്തിൽ ജൈവ കൃഷി പ്രോത്സാഹനവും മണ്ണിന്റെ ഘടന മെച്ചപ്പെടുത്തുന്നതിന് ഉപയോഗിക്കുന്ന പയറു വർഗ്ഗത്തിൽപ്പെട്ട പച്ചിലവളങ്ങൾ കൃഷി ചെയ്യുന്നതിനും ജൈവ ഉൽപ്പന്നങ്ങൾ വില്പന നടത്തുന്നതിനും ഹൈടെക് ഓർഗാനിക് സൂപ്പർ മാർക്കറ്റുകൾ സ്ഥാപിക്കുന്നതിനുമായി 600 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്. കൂടാതെ ജൈവ കൃഷി രീതി അനുവർത്തിച്ച് കൂടുതൽ കാർഷിക വിഭവങ്ങൾ ഉല്പാദിപ്പിക്കുന്നത് പ്രോത്സാഹിപ്പിക്കുവാൻ ജൈവ കൃഷി മിഷൻ ആരംഭിക്കുന്ന നടപടിയും പുരോഗമിച്ച് വരികയാണ് . |

| | | | |
|---|---|---|---|
| | | | കൂടാതെ തുടർച്ചയായി മൂന്നു വർഷത്തേയ്ക്ക് നടപ്പിലാക്കുന്ന കേന്ദ്രാവിഷ്കൃത പദ്ധതികളായ പരമ്പരാഗത കൃഷി വികാസ് യോജനയും സുഭിക്ഷം സുരക്ഷിതം (ഭാരതീയ പ്രകൃതി കൃഷി) പദ്ധതിയും സംസ്ഥാനത്ത് നടപ്പിലാക്കി വരുന്നു |

സെക്ഷൻ ഓഫീസർ